©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 ജനുവരി 07<br>07th January 2023<br>1198 ധനു 23<br>23rd Dhanu 1198<br>1944 പൌഷം 17<br>17th Pousha 1944 | നമ്പർ<br>No. | 68 |

## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

### വിജ്ഞാപനം

നമ്പർ ലെഗ്.എച്ച്1/126/2022/നിയമം.

*തിരുവനന്തപുരം, 2023 ജനുവരി 6*
*1198 ധനു 22*
*1944 പൌഷം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 ജനുവരി 5-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2023-ലെ 8-ാം ആക്റ്റ്

## 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ്

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിൽ "നാല് വർഷക്കാലംവരെ" എന്ന വാക്കുകൾക്കു പകരം "നാല് വർഷവും ആറ് മാസവും വരെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 51-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ട്" എന്ന വാക്കിനു പകരം "നാല്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. സാധൂകരിക്കൽ.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായിട്ടുള്ള കാലാവധി ഈ ഭേദഗതി ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് 51-ാം വകുപ്പ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ചു എന്ന കാരണത്താൽ മാത്രം അസാധുവായിത്തീരുന്നുവെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No. Leg.H1/126/2022/Law. *Dated, Thiruvananthapuram, 6th January, 2023*
*22nd Dhanu, 1198*
*16th Pousha, 1944.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Clinical Establishments (Registration and Regulation) Amendment Act, 2022 (Act 8 of 2023).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ്" published under the authority of the Governor.]

## ACT 8 OF 2023

## THE KERALA CLINICAL ESTABLISHMENTS (REGISTRATION AND REGULATION) AMENDMENT ACT, 2022

*An Act further to amend the Kerala Clinical Establishments (Registration and Regulation) Act, 2018.*

*Preamble.*—WHEREAS, it is expedient further to amend the Kerala Clinical Establishments (Registration and Regulation) Act, 2018 (Act 2 of 2018) for the purposes hereinafter appearing;

BE it enacted in the Seventy-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Clinical Establishments (Registration and Regulation) Amendment Act, 2022.

(2) It shall be deemed to have come into force on the 1st day of January, 2019.

2. *Amendment of section 18.*—In section 18 of the Kerala Clinical Establishments (Registration and Regulation) Act, 2018 (Act 2 of 2018) (hereinafter referred to as the principal Act), for the words "a period of four years" the words "four years and six months" shall be substituted.

3. *Amendment of section 51.*—In the proviso to sub-section (1) of section 51 of the principal Act, for the word "two" the word "four" shall be substituted.

4. *Validation.*—The period for removal of difficulties under sub-section (1) of section 51 of the principal Act shall be deemed to have been extended by the proviso to sub-section (1) of section 51 as amended by this amendment Act and accordingly anything done or any action taken under section 51 shall not be deemed to be invalid or have been invalid only on the ground that the period for the removal of difficulties has expired.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.01.07 09:03:34 +05:30